## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *372 — 24.08.2017-ന് മറുപടിയ്ക്ക്

### വന മേഖലയിലെ മണ്ണ് - ജല സംരക്ഷണ കർമ്മ പദ്ധതികൾ

**ചോദ്യം**

ശ്രീ. കെ.സി.ജോസഫ്
ശ്രീ.അനൂപ് ജേക്കബ്
ശ്രീ. അനിൽ അക്കര
ശ്രീ.ഷാഫി പറമ്പിൽ

**മറുപടി**

ശ്രീ. കെ. രാജു
(ബഹു. വനവുംമൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വന മേഖലയിലെ മണ്ണ് - ജല സംരക്ഷണത്തിനായി എന്തെല്ലാം കർമ്മ പദ്ധതികളാണ് ഈ സർക്കാർ നടപ്പിലാക്കിയത്; വിശദമാക്കാമോ ; | (എ) | വനമേഖലയിലെ മണ്ണ്-ജല സംരക്ഷണത്തിനായി ചുവടെ ചേർക്കുന്ന കർമ്മ പദ്ധതികളാണ് ഈ സർക്കാർ നടപ്പിലാക്കിയത്.<br>• വിവിധയിനം വനവൃക്ഷങ്ങളുടെ നടീലും, പരിപാലനവും<br>• കാട്ടുതീ പ്രതിരോധ – സംരക്ഷണ പ്രവർത്തനങ്ങൾക്കായി ഫയർ ലൈനുകളുടെ നിർമ്മാണവും, പരിപാലനവും<br>• മണ്ണൊലിപ്പ് തടയുന്നതിനും നിയന്ത്രിക്കുന്നതിനുമായി ഗള്ളി പ്ലഗ്ഗിംഗ്<br>• വനാന്തരങ്ങളുടെ നീരുറവകളുടെ സംരക്ഷണത്തിനായി ജലാശയങ്ങളിലെ കളകളും മാലിന്യവും നീക്കം ചെയ്യൽ<br>• ജലസംഭരണ ശേഷി വർദ്ധിപ്പിക്കുന്നതിന് വിവിധയിനം തടയണകളുടെ നിർമ്മാണവും നിലവിലുള്ള തടയണകളുടെ ഉയരം കൂട്ടലും<br>• നിലവിലുള്ള തടയണകളുടെ ചെളിയും മറ്റ് മാലിന്യങ്ങളും നീക്കം ചെയ്ത് ജലസംഭരണത്തിന് പ്രാപ്തമാക്കൽ<br>• നിലവിലുള്ള തടയണകളുടെ ചോർച്ച ഒഴിവാക്കി ജലശേഖരണം ഉറപ്പുവരുത്തൽ,<br>• മണൽചാക്ക്, ബ്രഷ് വുഡ് തുടങ്ങിയവ ഉപയോഗിച്ചുള്ള താൽക്കാലിക തടയണകളുടെ നിർമ്മാണം.<br>• ചെറു കുളങ്ങളിൽ അടിഞ്ഞിട്ടുള്ള എക്കൽ നീക്കം ചെയ്യൽ (ഡീ സിൽറ്റിംഗ്). |

| | | | |
|---|---|---|---|
| (ബി) | ഹരിത കേരളം പദ്ധതിയുമായി സഹകരിച്ച് എന്തെല്ലാം സംരക്ഷണ പ്രവർത്തനങ്ങളാണ് നടത്തിയത്; വിവരിക്കുമോ ; | (ബി) | ഹരിത കേരളം പദ്ധതിയുടെ ഭാഗമായി, വനംവകുപ്പിന്റെ സാമൂഹ്യ വനവൽക്കരണ വിഭാഗം ചുവടെ ചേർക്കുന്ന വിവിധ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളാണ് നടത്തിയത്.<br>വിവിധയിനം തദ്ദേശീയ വൃക്ഷതൈകളുടെ ഉൽപ്പാദനവും, വിതരണവുമാണ് ഇവയിൽ മുഖ്യം, സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്ക് സൗജന്യമായും ഇതര സംഘടനകൾക്ക് സഹായ നിരക്കിലും സമൂഹ്യവനവൽക്കരണവിഭാഗം വൃക്ഷതൈകൾ വിതരണം ചെയ്തുവരുന്നു.<br>ലോക പരിസ്ഥിതി ദിനത്തിൽ വ്യാപകമായ വൃക്ഷവൽക്കരണം നടത്തുന്നതിനായി, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ, യുവജന സംഘടനകൾ, മതസ്ഥാപനങ്ങൾ, സർക്കാരിതര സ്ഥാപനങ്ങൾ എന്നിവർക്കാണ് വൃക്ഷതൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം നടത്തിയിട്ടുള്ളത്. 2016-17 സാമ്പത്തിക വർഷത്തിൽ 65.25 ലക്ഷം തൈകളും, തൻ വർഷം 66.12 ലക്ഷം തൈകളും വിതരണം ചെയ്തിട്ടുണ്ട്.<br>കൂടാതെ ഇതിനോടനുബന്ധിച്ച് പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി എക്സിബിഷനുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ, റാലികൾ, വനമിത്ര അവാർഡു നൽകൽ എന്നിവയും നടത്തിയിട്ടുണ്ട്.<br>ഗ്രാമ ഹരിത സമിതികളുടെ സഹകരണത്തോടെ സ്കൂൾ കോമ്പൗണ്ടുകൾ, ആശുപത്രികൾ തുടങ്ങിയ പൊതു സ്ഥലങ്ങളിൽ ശുചീകരണം നടത്തുകയും, പൊതു കളങ്ങളിലെ മാലിന്യങ്ങൾ നീക്കം ചെയ്യുകയും ചെയ്തിട്ടുണ്ട്.<br>ഇക്കോ ടൂറിസം മേഖലകളിലും പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് പരിസര ശുചീകരണ പ്രവർത്തനങ്ങൾ നടത്തുകയും, വൃക്ഷതൈകൾ നട്ടുപിടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br>കൂടാതെ വനം വകുപ്പ് ചുവടെ ചേർക്കുന്ന പദ്ധതികളിൻ കീഴിൽ തദ്ദേശീയ വൃക്ഷതൈകൾ നേരിട്ട് നട്ടു പിടിപ്പിച്ചു വരുന്നുണ്ട്.<br>1. വഴിയോര തണൽ പദ്ധതി<br>2.ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ് പദ്ധതി |
| (സി) | ആരുടെയെല്ലാം പങ്കാളിത്തമാണ് ഇതിനുവേണ്ടി പ്രയോജനപ്പെടുത്തിയതെന്ന് വെളിപ്പെടുത്താമോ ? | (സി) | ഹരിത കേരളം പദ്ധതികളുടെ നടത്തിപ്പിന് സർക്കാർ/സർക്കാർ ഇതര സ്ഥാപനങ്ങൾ, മീഡിയ, മതസ്ഥാപനങ്ങൾ, രാഷ്ട്രീയ പാർട്ടികൾ, യുവജന സംഘടനകൾ, യൂത്ത് ക്ലബ്ബുകൾ, കുടുംബശ്രീ പ്രവർത്തകർ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് തൊഴിലാളികൾ, സന്നദ്ധ സംഘടനകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, എൻ.സി.സി, എൻ.എസ്.എസ്സ്, എസ്.പി.സി കേഡറ്റുകൾ, പൊതുജനങ്ങൾ |

| | | | |
|---|---|---|---|
| | | | എന്നിവരുടെ പങ്കാളിത്തമാണ് തൈ വിതരണത്തിനും, തൈ നടീലിനും, പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾക്കും പ്രയോജനപ്പെടുത്തിയിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**